**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2198** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിന് രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ പൊതുവിതരണ വകുപ്പ് നടത്തി വരുന്നത്.<br><br>എൻഡ് –ടു- എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം, 97.99% വരെയുള്ള ആധാർ സീഡിംഗ്, One Nation One Ration Card പദ്ധതി, പോക്കറ്റിൽ സൂക്ഷിക്കാവുന്ന പി.വി.സി റേഷൻകാർഡ്, കുറ്റമറ്റതും കർശനവുമായ പരിശോധനാ സംവിധാനം, കൃത്യമായ ഗുണനിലവാര പരിശോധന, പരിശോധനയിലൂടെ അനർഹരെ കണ്ടെത്തി അർഹരായവർക്ക് മുൻഗണന കാർഡും -ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കിയത്, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റപ്പെട്ട Transgenders, തെരുവിൽ കഴിയുന്നവർ, കൂടാതെ വാടക വീട്ടിൽ കഴിയുന്നവർ എന്നിവർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം മാറ്റി യത്.<br><br>ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ സംസ്ഥാന ഭക്ഷ്യക്കമ്മീഷന്റെ മികവുറ്റ പ്രവർത്തനമാണ് നടന്നു വരുന്നത്.<br><br>പൊതുവിതരണ മേഖലയിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ്, റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളും അപേക്ഷകളും മന്ത്രി തലത്തിൽ അടിയന്തിരമായി പരിഹരിക്കുന്നതിന് സംഘടിപ്പിച്ചിട്ടുള്ള ഫോൺ ഇൻ പരിപാടി, കേരളത്തിലെ ജനങ്ങൾക്ക് പ്രിയങ്കരമായ ജയ, സുരേഖ ഇനത്തിൽപ്പെട്ട അരി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നത്, പച്ചരിയുടെ |

| | | | |
|---|---|---|---|
| | | | വിഹിതം കൂട്ടിയത് എന്നിവ എല്ലാം തന്നെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്.<br><br>അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വൈവിധ്യവത്ക്കരണത്തിലൂടെ റേഷൻകടകളെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണരംഗം വിപ്ലവകരമായ മാറ്റത്തിന് സാക്ഷിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ